## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 212 — 28/06/2016-ൽ മറുപടിക്ക്

# പോസ്റ്റുമോർട്ടം

| ചോദ്യം. ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ഉത്തരം ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ ആശുപത്രികളിൽ ഇരുപത്തിനാല് മണിക്കൂറും പോസ്റ്റുമോർട്ടം നടത്താം എന്ന സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഉത്തരവ് ഇറങ്ങിയത്; ഏതെല്ലാം ആശുപത്രികളിലാണ് പോസ്റ്റ് മോർട്ടം അനുവദിച്ചിട്ടുള്ളത്; | (എ) | 26.10.2015 – ലെ സ.ഉ (എം.എസ്) 239/2015/ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർകോഡ് ജനറൽ ആശുപത്രിയിലും രാത്രികാലത്തും പോസ്റ്റുമോർട്ടം നടത്താമെന്ന് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ് മോർട്ടം ആകാം എന്ന സർക്കാർ ഉത്തരവുണ്ടായിട്ടും കേരളത്തിലെ ആശുപത്രികളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടക്കാത്തതെന്തു-കൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ബി) | രാത്രികാല പോസ്റ്റുമോർട്ടം നടത്താനാ-വശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ, കൃത്രിമവെളിച്ചം എന്നിവയുടെ അപര്യാപ്തത രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിന് ഒരു തടസ്സമായി നിലകൊള്ളുന്നുണ്ട്. ഈ പരിമിതികൾ പരിഹരിച്ച് രാത്രികാല പോസ്റ്റുമോർട്ടം യാഥാർത്ഥ്യമാക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ